# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1555** **14-07-2016-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും അനുവദിച്ച തുക ലഭ്യമാക്കാൻ നടപടി**

| | ചോദ്യം<br>ശ്രീ. റോജി എം. ജോൺ | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ശ്രീ. കെ.ജെ.ജോസ്, കൊച്ചുകുടിയാത്ത്, പ്രാപ്പോയിൽ, കണ്ണൂർ (റഫ. നമ്പർ - 137297) – ന് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും എത്ര രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; ഗുരുതര രോഗം ബാധിച്ച ടിയാന് പ്രസ്തുത തുക നാളിതുവരെയായി ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ; | (എ)യും (ബി)യും (സി)യും | ശ്രീ. കെ.ജെ.ജോസ്, കൊച്ചുകുടിയാത്ത്, പ്രാപ്പോയിൽ, കണ്ണൂർ (റഫ. നമ്പർ - 137297) – ന് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 37,500/- രൂപ അനുവദിക്കുകയും ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി മുൻകൂർ ചികിത്സാനുമതി നൽകുകയും ചികിത്സ യഥാസമയം ലഭ്യമാക്കുകയും ചെയ്തിരുന്നു. കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം വ്യക്തികൾക്ക് നേരിട്ടല്ല, ബന്ധപ്പെട്ട ആശുപത്രിയിലേക്കാണ് തുക നൽകുന്നത്. ഇത് സംബന്ധിച്ച നടപടി പൂർത്തിയായി വരുന്നു. അടിയന്തിര ചികിത്സയ്ക്കായി ആശുപത്രിയിൽ രോഗി സ്വന്തം കൈയ്യിൽ നിന്നും തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ ആ തുക റീഇംബേഴ്സ്മെന്റായി നൽകാനും വ്യവസ്ഥയുണ്ട്. ഇതിനായി രോഗി റീഇംബേഴ്സ്മെന്റിനായുള്ള പ്രത്യേക അപേക്ഷാഫോറത്തോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ, ഡിസ്ചാർജ്ജ് സമ്മറി, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവയും ഹാജരാക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ KBS/Kannur/F4/14289/16-നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പരിയാരം മെഡിക്കൽ കോളേജിൽ ഹൃദയസംബന്ധമായുള്ള ചികിത്സ തേടിയിരുന്ന, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ശ്രീ. കെ.ജെ. ജോസിന് സർക്കാർ അനുവദിച്ച തുക കൈപ്പറ്റുന്നതിലേക്കായി എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ.**